LIBRARY ARCHIVES Kerala Legislative Assembly

ക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. വിവിധ വകുപ്പുകൾ ഒരുമിച്ച് പരിശോധനകൾ നടത്തുവാൻവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇവയെല്ലാം നടപ്പാകുന്നതിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ വികസന പുരോഗതിയുടെ വേഗം കൂട്ടുവാൻ സാധിക്കുന്നതാണ്. കൂടാതെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഇവയെല്ലാം പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗും മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) എത്ര പുതിയ ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളാണ് ഈ അടുത്തകാലത്ത് സംസ്ഥാനത്ത് വന്നത്; ഇതുവഴി എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുമെന്ന് വ്യവസായ വകുപ്പ് കണക്കാക്കുന്നുവെന്ന് വ്യക്തമാക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കുള്ള 'MSME Acknowledgement Certificate' K-SWIFT-ൽ കൂടി നൽകിവരുന്നുണ്ട്. ഇതിൽ നിന്നും ശേഖരിച്ച വിവരപ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ ഒന്നര വർഷത്തിനിടയ്ക്ക് 11,538 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്ഥാപിതമായിട്ടുണ്ട്. ഇവയിൽനിന്നും പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം രണ്ട് ലക്ഷത്തോളം തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

**കുടിൽ വ്യവസായങ്ങളുടെ ഉന്നമനം**

133(147) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനം വ്യവസായ സൗഹൃദമാക്കുവാനായി 7 നിയമങ്ങളിലും 9 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ കെ-സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമ പ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കുന്നതിനായി "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്" നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാനുള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു യൂറ്റ്യൂബ് ചാനൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിക്ഷേപകരുടെ പരാതി ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കുവാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രിവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിന്റെ നിയമനിർമ്മാണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വ്യവസായ സംരംഭകർക്ക് ഭൂമി നൽകുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള Unified Land Lease Policy പുറപ്പെടുവിക്കുന്നതാണ്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റംവരുത്തുന്നതിനുള്ള കരട് നിർദേശങ്ങൾ സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. വ്യവസായ നിക്ഷേപരുടെ സംഘടനാ പ്രതിനിധികളുമായി നിരന്തരം ആശയവിനിമയം നടത്തുന്നതിനും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങുവാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ "മീറ്റ് ദ മിനിസ്റ്റർ" പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(ബി) കേരളത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ച് വലിയ വ്യവസായങ്ങളോടൊപ്പം കുടിൽ വ്യവസായങ്ങളെക്കൂടി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

&

(സി) കുടിൽ വ്യവസായങ്ങൾക്കുള്ള വായ്പാ ആനുകൂല്യങ്ങളെക്കുറിച്ച് വിശദമാക്കാമോ?

നിലവിൽ കുടിൽ വ്യവസായങ്ങൾക്ക് നേരിട്ട് വായ്പ നൽകുന്ന പദ്ധതികൾ വകുപ്പിലില്ലെങ്കിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന വായ്പാധിഷ്ഠിത പദ്ധതികളായ നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് എന്നീ പദ്ധതികളുടെ ആനുകൂല്യവും കുടിൽ വ്യവസായങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് കാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ്ചെയ്ത് നൽകുന്നത്. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി പ്രകാരം ഉൽപ്പന്നനിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല ഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. കുടിൽ വ്യവസായങ്ങൾക്ക് ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് വഴി ധനസഹായം നൽകുന്നുണ്ട്.

## കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡ് നടപ്പാക്കുന്ന പദ്ധതികൾ

134(148) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസൻഡ്-2020-ന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly